# മാർതോമാ ക്രിസ്ത്യാനികളുടെ ഐക്യം

മനുഷ്യകുലത്തെ ഒന്നിപ്പിക്കാൻ നമ്മുടെ കർത്താവ് എഴുന്നെള്ളിവന്നു. അവിടുന്ന് പത്രോസിന്മേൽ തന്റെ സഭ സ്ഥാപിച്ചു (മത്താ.16,16-18). നമ്മുടെ കർത്താവ് മൂലക്കല്ലും നിബിയന്മാരും ശ്ലീഹന്മാരും സഭയുടെ അടിസ്ഥാനവുമാകുന്നു. എന്നാൽ നല്ല വയലിൽ ഗോതമ്പിനോടൊപ്പം ദുഷ്ടൻ കളകൾ വിതയ്ക്കുകയും, ശീശ്മകളും പാഷണ്ഡതകളും ഉടലെടുക്കുകയും ചെയ്തു. ഓരോരോ കാരണങ്ങളാൽ ക്രിസ്ത്യാനികളുടെ ഇടയിൽ പിളർപ്പുകളും കലഹങ്ങളും ഉണ്ടാകുകയും സഭാഗാത്രത്തിൽ മുറിവുണ്ടാകുകയും ചെയ്തു. കാലാകാലങ്ങളിൽ സഭാഗാത്രത്തിൽ നിന്ന് ചില നേതാക്കന്മാർ സഭാമക്കളെ അടർത്തിമാറ്റി ചെറിയ ചെറിയ സമൂഹങ്ങൾ രൂപീകരിക്കുകയും പിന്നീട് അവ ഇല്ലാതാകുകയും ചെയ്തത് സഭാചരിത്രത്തിൽ നാം വായിക്കുന്നു. എന്നാൽ തായ്ത്തടിയോട് ചേർന്നിരിക്കുന്ന ശിഖരങ്ങൾ ക്രിസ്തുവിന്റെ ആത്മാവിനാൽ പൂരിതമായി നല്ലഫലം പുറപ്പെടുവിക്കുന്നു.

മാർതോമാ നസ്രാണികളുടെ മലങ്കരസഭയിൽ പിളർപ്പുണ്ടായത് ഏതെങ്കിലും താത്വികാടിസ്ഥാനത്തിലല്ല. കേരളത്തിലെത്തിയ പോർട്ടുഗീസ് മിഷണറിമാർ ഈ സഭ കൈയടക്കുകയും ഇതിനെ കീഴ്പ്പെടുത്തുകയും ചെയ്തതിന്റെ അനന്തരഫലമായിട്ടാണ് ഇവിടെ പിളർപ്പുണ്ടായത്. 1600 മുതൽ 1653 വരെ നസ്രാണികൾ എല്ലാവരും പാശ്ചാത്യലോകത്തു നിന്നു വന്ന ജസ്വിട്ട് മിഷണറിമാരായ ബിഷപ്പ് റോസ്, ബിഷപ്പ് ബ്രിട്ടോ, ബിഷപ്പ് ഗാർസ്യാ എന്നിവരുടെ കീഴിൽ കഴിഞ്ഞു. തങ്ങൾക്ക് യാതൊരധികാരവും ഇല്ലാതിരുന്ന മലങ്കരസഭയിൽ അനധികൃതമായി കടന്ന് സഭാനേതൃത്വം തട്ടിയെടുത്തതിലുള്ള അമർഷം കൂനൻകുരിശ ുസത്യമായി പുറത്തേക്കുവന്നു.

എങ്കിലും കാതോലിക കൂട്ടായ്മ നഷ്ടപ്പെടുത്താൻ നസ്രാണികൾ ആഗ്രഹിച്ചില്ല. അക്കാലത്തെ റോമൻ സഭാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ചിന്തിച്ച പാശ്ചാത്യർ മലങ്കരസഭയുടെ വ്യക്തിത്വവും ഓട്ടോണമിയും കാര്യമായി പരിഗണിച്ചില്ല. തദ്ഫലമായി സഭ സാവധാനം പിളർന്നു. തുടർന്ന് പിരിവുകളും ഉൾപ്പിരിവുകളും ഉണ്ടായി. മലങ്കര നസ്രാണി സമുദായം പല തട്ടുകളിലായി. എന്നാൽ ഒന്നിക്കാനുള്ള അഭിവാഞ്ച സമുദായത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ സജീവമായി നിലനിന്നു. നസ്രാണിസമുദായം വീണ്ടും ഒന്നിക്കുന്നതിന് പല പരിശ്രമങ്ങളും നടത്തി. പ്രത്യേകം എടുത്തു പറയത്തക്ക പരിശ്രമം നടത്തിയത് ഒന്നാം മാർതോമാ, ആറാം മാർതോമാ, പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് അഞ്ചാമൻ, എന്നിവരാണ്. പുലിക്കോട്ടിൽ തിരുമേനി ഐക്യപാതയിൽ ബഹുദൂരം സഞ്ചരിച്ചു. എന്നാൽ ഐക്യം എന്ന ദാനം കൈവന്നില്ല. അതിന്റെ തുടർച്ചയായി വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ കാലത്ത്, ബഥനിയുടെ മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ 1930-ലാണ് ഭാഗികമായെങ്കിലും ഐക്യം യാഥാർഥ്യമായത്. ഐക്യം കാംക്ഷിച്ച നസ്രാണി കത്തനാരന്മാരും വിശ്വാസികളും മാർ ഈവാനിയോസിന്റെ കൂടെ മലങ്കര കത്തോലിക്കാസഭയിൽ ചേർന്നു.

ഈ സമൂഹം ആഗ്രഹിച്ച രീതിയിൽ ഓട്ടോണമിയും വ്യക്തിത്വവും പൂർണമായി യാഥാർഥ്യമായത് 2005 ഫെബ്രുവരി 10-നാണ്. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ മലങ്കര കത്തോലിക്കാ സഭയെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തി. പാത്രിയർക്കീസ് എന്ന സ്ഥാനസംജ്ഞ ഇല്ലെങ്കിലും, കാനൻ നിയമസംഹിതയിൽ പാത്രിയർക്കീസിനുള്ള എല്ലാ അധികാരാവകാശങ്ങളും കടമകളും ഉള്ള (കാനൻ 152) മേജർ ആർച്ചുബിഷപ്പായി മലങ്കര കത്തോലിക്കാ സഭാധ്യക്ഷനെ നിയമിച്ചു. തദ്ഫലമായി ഓട്ടോണമിയുള്ള അധ്യക്ഷനും സിനഡും കൈവന്നു. മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേക കാനൻ സംഹിതയുടെ അംഗീകാരത്തോടെ കാതോലിക്കോസ് സ്ഥാനവും നൈയാമികമായി. ഇതാണ് മാർ ഈവാനിയോസ് പിതാവ് റോമിനോട് നിരന്തരമായി അപേക്ഷിച്ചിരുന്നത്. മേജർആർച്ചുബിഷപ്പ് കാനോനികമായി അധികാരത്തിൽ പാത്രിയർക്കീസിന് തുല്യനാണെങ്കിലും, പ്രാദേശിക പാരമ്പര്യത്തിൽ കാതോലിക്കോസ് സംജ്ഞ ഓട്ടോണമിയുടെ പ്രതീകമാണ്.

2012 ഓക്ടോബറിൽ നടന്ന റോമൻ സിനഡിനിടയിൽ ബനഡിക്ട് മാർപാപ്പാ മേജർ ആർച്ചുബിഷപ്പ് മാർ ബസേലിയോസ് ക്ലീമീസിനെ കർദിനാളായി നാമനിർദേശം ചെയ്യുകയും നവംബറിൽ ഔദ്യോഗിക ഡിക്രിയും സ്ഥാനചിഹ്നങ്ങളും നൽകുകയും ചെയ്തു. അങ്ങനെ സാർവത്രിക സഭാഭരണത്തിൽ മേജർ ആർച്ചുബിഷപ്പിന് ഭാഗഭാഗിത്വം ലഭിച്ചു.

ഫ്രാൻസിസ് മാർപാപ്പായുടെ തെരഞ്ഞെടുപ്പിൽ മലങ്കരസഭാധ്യക്ഷൻ കർദിനാൾ മാർ ക്ലീമീസ് 2013-ൽ

പങ്കെടുത്തു. ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു മലങ്കര നസ്രാണിമെത്രാൻ പേപ്പൽ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നത്. അതുപോലെ ആദ്യമായി രണ്ടാം വത്തിക്കാൻ എക്യൂമെനിക്കൽ കൗൺസിലിൽ വോട്ടവകാശത്തോടുകൂടി സംബന്ധിക്കാനുള്ള അസുലഭ ഭാഗ്യം മലങ്കര കത്തോലിക്കാ സഭാധ്യക്ഷന്മാരായിരുന്ന ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയേസ് പിതാവിനും ബിഷപ്പ് സക്കറിയാസ് മാർ അത്തനാസ്യോസ് പിതാവിനും ലഭിച്ചു. മാർ ഈവാനിയോസ് പിതാവ് 1930-ൽ കത്തോലിക്കാ സഭയുമായി കൂട്ടായ്മ പുനഃസ്ഥാപിച്ചത് അക്കാലത്തെ സഭാശാസ്ത്രം അനുസരിച്ചാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം സഭാശാസ്ത്ര സംബന്ധമായ വീക്ഷണങ്ങളിൽ വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. ആ മാറ്റം മനസ്സിലാക്കി ദൃശ്യ കൂട്ടായ്മ പുനഃസ്ഥാപിക്കാൻ ബന്ധപ്പെട്ട എല്ലാവരും ഉത്സാഹിക്കേണ്ടതുണ്ട്.

പുരാതന അന്ത്യോക്യൻ സഭയിൽ ഇപ്പോൾ കത്തോലിക്കാ ദൃശ്യകൂട്ടായ്മയിൽ മൂന്നു സഭകളും മൂന്നു പാത്രിയർക്കീസുമാരും അവരുടെ സിനഡുകളുമുണ്ട്. ദൃശ്യകൂട്ടായ്മയില്ലാത്ത് രണ്ടുസഭകൾ കൂടിയുണ്ട് ആ പാത്രിയാർക്കേറ്റിൽ. അങ്ങനെ അഞ്ചു പാത്രിയർക്കീസുമാരും അവരുടെ സിനഡുകളുമുണ്ട് പുരാതന അന്ത്യോക്യൻ പാത്രിയാർക്കേറ്റിന്റെ പിൻതുടർച്ചയിൽ. കത്തോലിക്കാസഭയുമായി കാനോനിക കൂട്ടായ്മ പുലർത്തുന്ന മൂന്ന് അന്ത്യോക്യൻ സഭകൾക്കും കത്തോലിക്കാസഭയിൽ തുല്യസ്ഥാനമാണ്. അതുപോലെ കേരളത്തിലെ രണ്ട് പൗരസ്ത്യ കത്തോലിക്കാ നസ്രാണിസഭകൾക്കും - സിറോ-മലബാർ, മലങ്കര കത്തോലിക്കാ-കത്തോലിക്കാ കൂട്ടായ്മയിൽ തുല്യസ്ഥാനമാണുള്ളത്.

കത്തോലിക്കാസഭയുമായി ദൃശ്യവും സമ്പൂർണവും കാനോനികവുമായ കൂട്ടായ്മ ആഗ്രഹിക്കുന്ന മറ്റ് നസ്രാണിസഭകളും സമൂഹങ്ങളും ഉണ്ടെങ്കിൽ, അവർക്കും ഇന്നത്തെ എക്യൂമെനിക്കൽ വീക്ഷണങ്ങളും സഭാശാസ്ത്രവും അനുസരിച്ച് കൂട്ടായ്മയ്ക്കുള്ള വഴി സ്വന്തമായി തേടാവുന്നതാണ്. അവർക്ക് ഫ്രാൻസിസ് മാർപാപ്പായുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്. ഓരോ സഭയും ആയിരിക്കുന്ന അവസ്ഥയയിൽ, സ്വന്തമായ ഹയരാർക്കിയുടെ കീഴിൽ തങ്ങളുടെ ഓട്ടോണമിയും വ്യക്തിത്വവും അധികാരാവകാശങ്ങളും നിലനിർത്തിക്കൊണ്ട്, കൂട്ടായ്മയക്ക് തങ്ങളുടെ ഭാഗത്തു നിന്നുള്ള നിർദേശങ്ങളും നിബന്ധനകളും മുന്നോട്ട് വയ്ക്കാവുന്നതാണ്. മറ്റൊരു സഭയിലും ചേരാതെയും ലയിക്കാതെയും റോമൻ കത്തോലിക്കാ സഭയോട് നേരിട്ട് കൂട്ടായ്മ സ്ഥാപിച്ച് ഇപ്പോൾ മലങ്കര കത്തോലിക്കാ സഭയും സിറോ-മലബാർസഭയും സ്വതന്ത്രമായി നിൽക്കുന്നതുപോലെ കൂട്ടായ്മയിൽ നിൽക്കാവുന്നതാണ്. ഏതായാലും ഒരു കാര്യം ഉറപ്പാണ്. 1930 -ൽ ഉണ്ടാക്കിയ ഐക്യം പോലെ ആയിരിക്കയില്ല ഭാവിയിൽ ഉണ്ടാകാൻ പോകുന്ന ഐക്യം.

മലങ്കര ഓർത്തഡോക്സ് സഭയും മലങ്കര യാക്കോബായാ സഭയും തമ്മിലുള്ള കക്ഷിവഴക്കുകൾ ആദ്യമായിഅവസാനിപ്പിക്കണം. അതിന് മലബാർ മോഡലാണ് ഏറ്റവും പ്രായോഗികവും അഭിഗാമ്യലുമായ മാർഗം. അതിനുശേഷം ഓർത്തഡോക്സ് സഭയ്ക്ക് മറ്റാരുടെയും ഒത്താശ കൂടാതെ തങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ ആരുമായും കൂട്ടായ്മ പുനഃസ്ഥാപിക്കാൻ സാധിക്കും.

മലങ്കര യാക്കോബായാ സഭയെ സംബന്ധിച്ച് അന്ത്യോക്യ യാക്കോബായാ പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ റോമുമായി കാനോനിക കൂട്ടായ്മ സ്ഥാപിക്കാവുന്നതാണ്. സിറിയായിലെ സഭകളും ക്രിസ്ത്യാനികളും വളരെ ദയനീയ സ്ഥിതിയിലാണ്. യാക്കോബായാ പാത്രിയർക്കീസ് തന്നെയും ലബനോനനിൽ അഭയം തേടിയിരിക്കയാണ്. ഈ പശ്ചാത്തലത്തിൽ ഒന്നിക്കുക എന്ന ഒറ്റ പോംവഴിയേ ക്രിസ്ത്യാനികൾക്കു മുമ്പിലുള്ളൂ. ഈ രീതിയിൽ ഈ രണ്ടു സഭകൾക്കും തങ്ങളുടേതായ രീതിയിൽ, തങ്ങളുടെ ഡിമാന്റുകൾ ഫ്രാൻസിസ് മാർപാപ്പായെ നേരിട്ട് അറിയിക്കാവുന്നതാണ്.

ഐക്യത്തിനു പറ്റിയ സാഹചര്യം ഒരുക്കാൻ നേതാക്കന്മാർക്കും അണികൾക്കും ദൈവതിരുമുമ്പാകെ ഗൗരവമായ കടമയുണ്ട്. ഓരോ സഭയുടെയും പാരമ്പര്യങ്ങൾ പാലിക്കപ്പെടുകയും പുലർത്തപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യണം. ഭാരതത്തിന്റെ ആത്മാവിന് എപ്രകാരം മിശിഹായെ ഒന്നിച്ച് ഏകസ്വരത്തിൽ നൽകാൻ സാധിക്കും എന്നതാണ് മാർ തോമാനസ്രാണികൾചിന്തിക്കേണ്ട സർവപ്രധാനമായ സംഗതി. മാറിയ സാഹചര്യത്തിൽ കൂട്ടായ്മയ്ക്ക് നസ്രാണിസഭകൾ ഒന്നടങ്കം താൽപര്യം കാണിക്കേണ്ടതാണ്. നമ്മുടെ കർത്താവ് ആഗ്രഹിക്കുന്ന രീതിയിൽ ഐക്യം സുസാധമാക്കാൻ മാർ തോമാനസ്രാണികൾ എല്ലാവരും തീക്ഷ്ണമായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. നാനാത്വത്തിൽ ഏകത്വം പുലർത്തിക്കൊണ്ട് ഏകസഭയായി തീരാനുള്ള സംരംഭത്തിന് ആര് നേതൃത്വം നൽകും? അതിനു നാം ഇനിയും അനേകനാൾ കാത്തിരിക്കേണ്ടിവരുമേ? ബഹുദൂരം യാത്ര ചെയ്യേണ്ടിയിരിക്കുന്നുവോ?

ക്രിസ്തുവിന്റെ സഭയുടെ ഐക്യത്തിലേക്ക് വരാനാഗ്രഹിക്കുന്ന മലങ്കര സഭകൾക്ക് ഇനി എന്താണ് റോമാസഭയുടെ ഭാഗത്തു നിന്ന് ചെയ്തു തരേണ്ടതെന്ന് ആർക്കും ചൂണ്ടിക്കാണിക്കാവുന്നതാണ്. കത്തോലിക്കാ സഭയിൽ ഓട്ടോണമിക്കും സ്വയംഭരണത്തിനും സ്വയംനിർണത്തിനും സ്ഥാനമുണ്ടെന്നു കാണാനുള്ള അവസരമാണിത്. ദൃശ്യമായ ഐക്യം ലക്ഷ്യം വച്ച പുരാതന പിതാക്കന്മാരുട പാതയിലൂടെ ഇന്നു നാം നീങ്ങേണ്ടിയിരിക്കുന്നു. നമ്മുടെ പിതാക്കന്മാർ നടത്തിയ സഭൈക്യ സംരംഭങ്ങൾ പാടേ വിസ്മരിക്കാതിരിക്കാം. നാം ഒന്നായിരുന്നു എന്ന സംഗതി ഗൗരവമായി പരിഗണിക്കാം.

ദൃശ്യമായ കൂട്ടായ്മയ്ക്ക് പറ്റിയ അവസരമാണിപ്പോൾ. *കരുണ* എന്ന പദമാണ് ഫ്രാൻസിസ് മാർപാപ്പാ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന പദം. *സ്നേഹത്തിൽ അധ്യക്ഷസ്ഥാനം വഹിക്കുക* എന്ന അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസിന്റെ വാക്കുകൾ പ്രാവർത്തികമാക്കാനാണ് ഫ്രാൻസിസ് മാർപാപ്പാ ശ്രമിക്കുന്നത്. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ ഒരു വാചകം കൊണ്ട് ഇതവസാനിപ്പിക്കാം. നിധീരിയച്ചനോടുള്ള സംഭാഷണത്തിലാണ് അദ്ദേഹം ഇതു പറഞ്ഞത്. അദ്ദേഹത്തിന്റെ സഭൈക്യ പരിശ്രമങ്ങൾ പൂവണിയാതെ പോയതിലുള്ള വ്യസനം അദ്ദേഹം വെളിപ്പെടുത്തുന്നു. 1888 നവംബർ 16-ന് മാണിക്കത്തനാർ അപ്പസ്തോലിക് ഡലഗേറ്റ് മോൺ. അയൂത്തിക്കയച്ച കത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

ഒടുവിൽ ഒരു ദീർഘനിശ്വാസത്തോടെ മാർ ദിവന്നാസ്യോസ് എന്നോട് ഇപ്രകാരം പറഞ്ഞു: പ്രിയപ്പെട്ട നിധീരിയച്ചാ, നമുക്ക് നിരാശപ്പെടേണ്ടതില്ല. സർവശക്തനായ ദൈവത്തിന്റെ കൃപയാൽ നമ്മുടെ കഴിഞ്ഞ 12 വത്സരത്തെ പണി നല്ല വിജയം കൈവന്ന് മകുടം ചൂടുമെന്ന് നമുക്ക്പ്രത്യാശിക്കാം. അതോടതൊപ്പം യാക്കോബായാക്കാരായ സുറിയാനിക്കാർക്ക് അവരുടെ സഹോദരങ്ങളായ കത്തോലിക്കരുമായി യോജിക്കുന്നതിന് ഇപ്പോഴാണ് ഏറ്റവും പറ്റിയ അവസരമെന്നും ഇവയാണ് ഏറ്റവും പറ്റിയ ഉപാധികളെന്നും ഗ്രഹിക്കാനുള്ള വെളിച്ചം കത്തോലിക്കാ സഭയിലെ പദവികളിൽ ഇരിക്കുന്നവർക്ക് നൽകാനും ദൈവത്തോട് പ്രാർഥിക്കാം.

ജി.ചേടിയത്ത്